# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2806** **19.02.2016-ൽ മറുപടിക്ക്**

## കാസർകോട് - കാഞ്ഞങ്ങാട് റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ** | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) കാസർകോട് - കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് പറയാമോ; | (എ) 2016 ജൂൺ 30-ന് ആണ് നിർമ്മാണം പൂർത്തിയാക്കാൻ നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം എന്തൊക്കെയാണെന്ന് പറയാമോ; | (ബി) ഈ പദ്ധതിയിലെ മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട കാഞ്ഞങ്ങാട് ടൗണിന്റെ പണികൾ ആരംഭിച്ചെങ്കിലും ഈ പ്രവൃത്തിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടാത്ത അധിക പ്രവൃത്തികളും ഈ റോഡുമായി ബന്ധപ്പെട്ട അനുബന്ധ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളും കെ.എസ്.ടി.പി.യുടെ ചെലവിൽ ചെയ്യണമെന്നാവശ്യപ്പെട്ട് പൊതുജനങ്ങളും നഗരസഭയും നിർമ്മാണം തടസ്സപ്പെടുത്തുകയുണ്ടായി. ഇതിനെ തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ റോഡ് പരിശോധിക്കുകയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന് വിരുദ്ധമായി റോഡ് നിർമ്മിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് കാഞ്ഞങ്ങാട് ടൗൺ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം പണി ചെയ്യുവാനും പ്രവൃത്തികൾ പുനരാരംഭിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയിൽ കാഞ്ഞങ്ങാട് നഗരത്തിലെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെയും അനുബന്ധരേഖകളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ? | (സി) കാസർഗോഡ്- കാഞ്ഞങ്ങാട് റോഡിന്റെ മുഴുവൻ പ്രവൃത്തികൾക്കായുള്ള 133.06 കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ലഭ്യമായിട്ടുള്ളത്. കാഞ്ഞങ്ങാട് ടൗണിന് മാത്രം പ്രത്യേകം എസ്റ്റിമേറ്റ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ